**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2626 — 19.3.2015 ന് മറുപടിയ്ക്ക്

## *പുറക്കാട് ഗവ. ITI യ്ക്ക് കെട്ടിടം*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.ജി.സുധാകരൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) പുറക്കാട് ഗവ. ഐ.റ്റി.ഐ. യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) പുറക്കാട് ഗവ. ഐ.ടി.ഐ.യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സ്ഥലം നാളിതുവരെയും വകുപ്പിന്റെ പേരിൽ ലഭ്യമായിട്ടില്ലാത്തതിനാൽ കെട്ടിട നിർമ്മാണം നിലവിൽ പരിഗണനയിൽ ഇല്ല. |
| (ബി) കെട്ടിടം നിർമ്മിക്കുന്നതിനായി പുറക്കാട് ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ടുനൽകിയ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(സി) എങ്കിൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) & (സി) പുറക്കാട് ഗവ. ഐ.ടി.ഐ. യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പുറക്കാട് ഗ്രാമ പഞ്ചായത്ത് സ്ഥലം വിട്ടുനൽകിയിട്ടില്ല. എന്നാൽ പുറക്കാട് വില്ലേജിൽ സർവ്വേ നം.34/27-ൽ പെട്ട 25.10 ആർ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിനായി ലഭ്യമാണെന്ന് പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. ഈ സ്ഥലം വകുപ്പിന് ലഭ്യമാക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടത് ടി സ്ഥലത്തിന്റെ നിലവിലെ ഉടമ എന്ന നിലയിൽ പുറക്കാട് ഗ്രാമപഞ്ചായത്താണ്. |

സെക്ഷൻ ഓഫീസർ